I/98792/2023

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

തീയതി : 12-09-2023

പ്രേക്ഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും

സർ,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - Success Stories സമയബന്ധിതമായി സമർപ്പിക്കുന്നത്– സംബന്ധിച്ച്.

സൂചന: 1. 11-03-2022 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തികൾ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ശ്രദ്ധിക്കപ്പെടുന്നതിലേയ്ക്കും ജില്ലാതലത്തിലുള്ള ഐ ഇ സി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേയ്ക്കും വേണ്ടി ഓരോ മാസവും ജില്ലകളിൽ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ ഫോട്ടോകളും വിവരങ്ങളും അടങ്ങിയ വിശദമായ ഡോക്യുമെന്റ് തയ്യാറാക്കി എല്ലാ മാസവും 5-ാം തീയതിയ്ക്കു മുൻപായി സംസ്ഥാന മിഷനു ലഭ്യമാക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിന്റെ ഉത്തരവാദിത്വം ജില്ലാ ഐ ടി പി മാർക്കും eFMS കമ്പ്യൂട്ടർ ഓപ്പറേറ്റർമാർക്കും നൽകിയിട്ടുള്ളതും ടി ഉദ്യോഗസ്ഥരുടെ ജോബ്ചാർട്ടിൽ പരാമർശിച്ചിട്ടുള്ളതുമാണ്. എന്നാൽ പല ജില്ലകളിൽ നിന്നും Success Stories സമയബന്ധിതമായി ലഭ്യമാകാത്ത അവസ്ഥയാണുള്ളത്. ഈ കാരണം കൊണ്ട് കേന്ദ്രഗ്രാമ വികസന മന്ത്രാലയം ആവശ്യപ്പെടുമ്പോൾ ടി ഡോക്യുമെന്റ് സമർപ്പിക്കാൻ കഴിയാതെ വരുന്നു. കൂടാതെ തൊഴിലുറപ്പ് മിഷന്റെ മുഖ പത്രമായ തൊഴിൽ ഗാഥയുടെ പ്രസിദ്ധീകരണം നടത്തുന്നതിനായി കൃത്യ സമയത്ത് വിവരങ്ങൾ നൽകുന്നതിലും തികഞ്ഞ അലംഭാവം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്

ടി സാഹചര്യത്തിൽ എല്ലാ മാസവും 5-ാം തീയതിയ്ക്കു മുമ്പായി ഓരോ ജില്ലയിൽ നിന്നും 10 Success Stories (5 എണ്ണം മലയാളത്തിലും 5 എണ്ണം ഇംഗ്ലീഷിലും), 2 വീഡിയോ ഡോക്യുമെന്റ് എന്നിവ സംസ്ഥാനമിഷനന്റെ nregapoieckerala@gmail.com എന്ന ഇമെയിലിൽ സമർപ്പിക്കുന്നതിനും, എല്ലാ മാസവും തൊഴിൽ ഗാഥയ്ക്ക് വേണ്ടി കുറഞ്ഞത് രണ്ട് സ്റ്റോറി/ വാർത്ത (മലയാളത്തിൽ) തയ്യാറാക്കി നൽകുന്നതിനും വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ആയത് സമയ ബന്ധിതമായി ലഭ്യമാക്കാത്ത പക്ഷം ചുമതലയുള്ള ഉദ്യോഗസ്ഥർക്കുമേൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ

JOINT DEVELOPMENT COMMISSIONER

മിഷൻ ഡയറക്ടർക്കു വേണ്ടി